പ്രസിദ്ധീകരണത്തിന്

കോവിഡും കോവിഡിന്റെ ജനിതകമാറ്റം സംഭവിച്ച ഒമൈക്രോണും ഭീതി പരത്തിക്കൊണ്ട് സമൂഹത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ കണക്ക്പ്രകാരം ഇന്നലെ 44.8 ആണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. മരണനിരക്കും ക്രമാതീതമായി വർദ്ധിക്കുകയാണ്. സർക്കാരിന്റെ ഭാഗത്തുനിന്നുള്ള കുറ്റകരവും നിരുത്തരവാദപരവുമായ അനാസ്ഥയാണ് ഇതിനു കാരണമെന്ന് ആരെങ്കിലും പറഞ്ഞാൽ അതിൽ തെറ്റുപറയാനാവില്ല.

കോവിഡ് ക്ലസ്റ്ററുകളായി മാറിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തെ കോളേജുകളിൽ കോവിഡ് മാനദണ്ഡങ്ങൾ കാറ്റിൽപറത്തിക്കൊണ്ട് ക്ലാസ്സുകളും പരീക്ഷകളും നടത്തിക്കൊണ്ടിരിക്കുകയാണ്. കോളേജിൽ എത്തുന്ന വിദ്യാർത്ഥികളും അദ്ധ്യാപകരും നല്ലൊരു ശതമാനം കോവിഡ് ബാധിതരാണ്.

കോളേജിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കോവിഡ് ലക്ഷണങ്ങൾ ഉണ്ട് എന്ന് റിപ്പോർട്ട് ചെയ്താലും പരീക്ഷകൾ മാറ്റി വയ്ക്കാനോ കോളേജ് അടച്ചിടുവാനോ അധികാരികൾ തയ്യാറാകന്നില്ല. ഇതിനെല്ലാമുപരി കോളേജുകളിൽ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിന് അനുമതിയും നൽകിയിരിക്കുകയാണ്.

സർക്കാരിന്റെ ഈ നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അവർ നിസ്സംഗത പുലർത്തുന്നത് ഭയാശങ്കകളോടെ മാത്രമേ നോക്കിക്കാണുവാൻ സാധിക്കുകയുള്ളു.

ഈ സാഹചര്യത്തിൽ കോവിഡ് നിയന്ത്രണവിധേയമാകുന്നതുവരെ പരീക്ഷ കൾ മാറ്റിവെച്ചും കോളേജുകൾ അടച്ചിട്ടും എന്നാൽ അദ്ധ്യാപനം തടസ്സപ്പെടാതെ ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിച്ചും പ്രശ്നപരിഹാരത്തിന് സർക്കാർ തയ്യാറാവുക യാണ് വേണ്ടത്.

പെരുന്ന
24.01.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി